കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതു വിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ ഹെഡ്മാസ്റ്റർ പ്രൊമോഷൻ - 28-എ ഓപ്ഷൻ നൽകുന്നതിനുള്ള സമയപരിധി പുതുക്കി നിശ്ചയിച്ച് ഉത്തരവാകുന്നു.

---

പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ (പി) നം.246/2012/പൊ.വി.വ തീയതി, തിരുവനന്തപുരം. 28.07.2012.

---

പരാമർശം: കേരള പ്രൈവറ്റ് പ്രൈമറി ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ സമർപ്പിച്ച 18.06.2011-ലെ നിവേദനം.

## <u>ഉത്തരവ്</u>

എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് ഹെഡ്മാസ്റ്ററായി പ്രൊമോഷൻ ലഭിക്കുമ്പോൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ ആ പ്രൊമോഷൻ അംഗീകരിച്ച് ഉത്തരവാകുമ്പോൾ മാത്രമേ അതു പ്രാബല്യത്തിൽ വരുന്നുള്ളൂ. ഇപ്രകാരം അദ്ധ്യാപകന്റെ യോഗ്യത, സീനിയോറിറ്റി, മറ്റ് പരാതികൾ എന്നിവ പരിശോധിച്ച് പ്രൊമോഷന് അംഗീകാരം നൽകുന്നതിന് കാലതാമസം വരുന്നതിനാൽ ഓപ്ഷൻ നൽകാൻ എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്കു സാവകാശം നൽകണമെന്നതാണ് പരാമർശിത നിവേദനത്തിലെ ആവശ്യം.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് ഹെഡ്മാസ്റ്ററായി പ്രൊമോഷൻ ലഭിക്കുമ്പോൾ വിദ്യാഭ്യാസ ഓഫീസറുടെ നിയമനാംഗീകാരം ലഭിച്ച തീയതി മുതൽ ഒരു മാസത്തിനകം കെ.എസ്.ആർ. ചട്ടം 28എ പ്രകാരമുള്ള ~~ഓപ്ഷൻ സമർപ്പിക്കുന്നതിന് അനുമതി~~ നൽകി ഉത്തരവാകുന്നു. ഈ വ്യവസ്ഥയ്ക്ക് ഉത്തരവു തീയതി മുതൽ പ്രാബല്യമുണ്ട്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
ആർ. മധുസൂദനൻ നായർ
അഡീഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും/ഉപജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
ജനറൽ സെക്രട്ടറി, കേരള പ്രൈവറ്റ് പ്രൈമറി ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ.
ധനകാര്യ വകുപ്പ് (ഫയൽ നം. 48959/വിദ്യ.എ1/12/ധന. തീയതി 16.06.2012)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), തിരുവനന്തപുരം
പൊതു വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും, സെക്ഷനുകൾക്കും
ഡയറക്ടർ, ഐടി.@സ്കൂൾ, തിരുവനന്തപുരം
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
ഓഫീസ് കോപ്പി /സ്റ്റോക്ക് ഫയൽ

പകർപ്പ്:- ബഹു.വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ